**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (Economically Weaker Section) വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(എം.എസ്) നം. 128/2020 /ഉ.വി.വ. തീയതി, തിരുവനന്തപുരം,20.03.2020

പരാമർശം- 1. കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ (ഉന്നത വിദ്യാഭ്യാസ വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 12-4/2019-U1 നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

2. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ (സാമൂഹ്യനീതിയും ശാക്തീകരണവും വകുപ്പ്) 2019 ജനുവരി 17-ാം തീയതിയിലെ 20013/01/2018-BC-II നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

3. കേന്ദ്ര ഉദ്യോഗസ്ഥ, പൊതുജന പരാതി, പെൻഷൻ മന്ത്രാലയത്തിന്റെ (ഉദ്യോഗസ്ഥ പരിശീലന വകുപ്പ്) 2019 ജനുവരി 19-ാം തീയതിയിലെ 36039/1/2019/-Estt.(Res) നമ്പരിലുള്ള ഓഫീസ് മെമ്മോറാണ്ടം.

4. 12.03.2019-ലെ സ.ഉ.(എം.എസ്) നം. 5/2019/ഉ.ഭ.പ.വ

5. 14.03.2019-ലെ സ.ഉ.(എം.എസ്) നം. 52/2019/പൊ.ഭ.വ

6. 03.01.2020-ലെ സ.ഉ.(പി) നം. 1/2020/ഉ.ഭ.പ.വ

7. 03.03.2020-ലെ സ.ഉ.(എം.എസ്) നം. 5/2020/ഉഭപവ.

**ഉത്തരവ്**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) നിയമനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും **10 %** സംവരണം ഏർപ്പെടുത്താൻ ആവശ്യമായ ഭരണഘടന ഭേദഗതിയും പരാമർശം (1) മുതൽ (3) വരെയുള്ള തുടർ വിജ്ഞാപനങ്ങളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അധീനതയിലെ തസ്തികകളിലേയ്ക്കുള്ള നിയമനത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പ്രസ്തുത സംവരണം നടപ്പിലാക്കിക്കൊണ്ട് പരാമർശം (5) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിധം, മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മുൻ നിയമവകുപ്പ് സെക്രട്ടറിയും, റിട്ട.ജഡ്ജിയുമായ ശ്രീ.കെ.ശശിധരൻ നായർ ചെയർമാനായും, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ

അഡ്വ.എം.രാജഗോപാലൻ നായർ മെമ്പറായും ഒരു കമ്മീഷനെ പരാമർശം (4) പ്രകാരം നിയമിച്ചിരുന്നു.

3. പ്രസ്തുത കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ ഭേദഗതിയോടെ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തുകൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

4. ഇപ്രകാരം 10% സംവരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ (Economically Weaker Sections) കണ്ടെത്തുന്നതിനായി കമ്മീഷൻ വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിരുന്നു.

5. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ( ന്യൂനപക്ഷ സ്ഥാപനങ്ങൾ ഒഴികെ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പൊതുവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിന് 10% സംവരണം നടപ്പിലാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

6. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനും അർഹരായ വിഭാഗങ്ങളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായ 'കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.
3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ, അതിൽ താഴെയോ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്.-

   1. മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പേറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം
   2. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ
   3. കുടുംബ പെൻഷൻ
   4. തൊഴിലില്ലായ്മ വേതനം
   5. ഉത്സവബത്ത
   6. വിരമിക്കൽ ആനുകൂല്യങ്ങൾ
   7. യാത്രാബത്ത.
4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലാണെങ്കിൽ **2.5** ഏക്കറിലും, മുനിസിപ്പൽ

പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.
6. മുനിസിപ്പൽ പ്രദേശങ്ങളിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.
7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.
8. ഭൂമി (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.
9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല. കുടുംബത്തിന് ഒന്നിലധികം ഹൗസ് പ്ലോട്ട് കൈവശമുണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്തായിരിക്കും പ്ലോട്ടിന്റെ വിസ്തൃതി കണക്കാക്കുക. കുടുംബത്തിന് മുനിസിപ്പൽ പ്രദേശങ്ങളിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും ഹൗസ് പ്ലോട്ട് ഉണ്ടെങ്കിൽ അവ കൂട്ടിച്ചേർത്ത് കണക്കാക്കിയാൽ വിസ്തൃതി 20 സെന്റിൽ അധികരിക്കാൻ പാടില്ല. 'ഹൗസ് പ്ലോട്ട്' എന്നാൽ വീട് നിൽക്കുന്നതോ, വീട് നിർമ്മിക്കുവാൻ കഴിയുന്നതോ ആയ ഭൂമി എന്നർത്ഥം.
10. Anthyodaya Annayojana (AAY)/Priority House Hold (PHH) വിഭാഗങ്ങളിൽപ്പെടുന്ന റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർ മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണാനുകൂല്യത്തിന് അർഹരാണ്. അതിലേയ്ക്കായി ഈ വിഭാഗത്തിലുള്ള അപേക്ഷകർ പ്രസ്തുത വിഭാഗങ്ങൾക്കായി നൽകിയിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഇതോടൊപ്പമുള്ള മാതൃകയിൽ വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.(Annexure -I)
11. Income & Assets Certificate നൽകുന്നതിന് അപേക്ഷ സമർപ്പിക്കുന്ന വർഷത്തിന് തൊട്ട് മുമ്പുള്ള സാമ്പത്തിക വർഷത്തെ വരുമാനമാണ് അടിസ്ഥാനമാക്കേണ്ടത്.
12. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ നിശ്ചിത അപേക്ഷ ഫോറത്തിൽ സത്യവാങ്മൂലമായി അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.
13. 'സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ' എന്ന അവകാശവാദം പരിശോധനയിൽ തെറ്റാണെന്നോ/വ്യാജമാണെന്നോ കണ്ടെത്തുന്ന പക്ഷം അപേക്ഷകൻ/അപേക്ഷകയുടെ നിയമനം/വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ . പ്രവേശനം എന്നിവ മറ്റ് കാരണങ്ങൾ വ്യക്തമാക്കാതെ ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതും, ഇത് സർക്കാരിന്

ഉചിതമെന്ന് തോന്നുന്ന അപ്രകാരമുള്ള തുടർ നടപടിക്ക് വിധേയമായിരിക്കുന്നതുമാണ്.

14. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള നിശ്ചിത മാതൃകയിൽ Income & Assests Certificate നൽകേണ്ടത് അതത് വില്ലേജ് ഓഫീസർമാരാണ്.(Annexure-II)
15. മേൽ, സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ ആക്ഷേപമുള്ള പക്ഷം ബന്ധപ്പെട്ട തഹസിൽദാർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.
16. മേൽ വിഷയത്തിൽ പുനഃപരിശോധന ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
17. പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഓരോ മൂന്ന് വർഷം കൂടുമ്പോഴും പുനഃപരിശോധിക്കുന്നതും, ആവശ്യമുള്ള പക്ഷം ഭേദഗതി വരുത്തുന്നതുമായിരിക്കും.

7. ന്യൂനപക്ഷ പദവിയില്ലാത്തതും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചുവരുന്നതുമായ സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രവേശനത്തിന് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിക്കേണ്ടതാണ്.

8. ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള **10%** സംവരണം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/വ്യവസ്ഥകൾ ബന്ധപ്പെട്ട പ്രോസ്പെക്ടസ്, അപേക്ഷാ ഫോറങ്ങൾ എന്നിവയിൽ ചേർക്കുന്നുവെന്നത് ഉറപ്പുവരുത്തേണ്ടതാണ്.

9. സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി എല്ലാ ഡയറക്ടറേറ്റുകളിലും/സ്ഥാപന കാര്യാലയങ്ങളിലും ഒരു പരാതി പരിഹാര സെൽ രൂപീകരിക്കുകയോ അല്ലെങ്കിൽ അതിലേയ്ക്കായി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

10. കേന്ദ്ര സർക്കാരിന്റെ അധീനതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും പരാമർശം (5) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളായിരിക്കും ബാധകമാകുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
4. പ്രവേശന പരീക്ഷാ കമ്മീഷണർ,ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോ ടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
6. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

7. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
8. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
9. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.
10. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
12. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്.
13. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
14. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Malayalam (S) | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| Natural science (S) | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| Social Science (S) | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 1 |

| PROGRAMME | OPEN | SC | ST | ETB | MU | OBH | LC | OBX | KUDUM | DV | VK | KN | COMT | MGMT | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| English (S) | 9 | 1 | 1 | 1 | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 15 | 29 |
| Malayalam (S) | 6 | 1 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 10 | 19 |
| Natural science (S) | 6 | 1 | 0 | 1 | 1 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 10 | 20 |
| Social Science (S) | 8 | 1 | 0 | 2 | 1 | 0 | 1 | 0 | 0 | 1 | 0 | 0 | 0 | 15 | 28 |

## SPLIT UP DETAILS

### Special Reservations

| PROGRAMME | PH | LAKSHA | MAHI | TEACHERS | SPORTS | DEFENCE | LINGUISTICS | EWS | TOTAL RESERV |
|---|---|---|---|---|---|---|---|---|---|
| English (S) | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 2 |
| Malayalam (S) | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 |
| Natural science (S) | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 2 |
| Social Science (S) | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 2 |

| PROGRAMME | OPEN | SC | ST | ETB | MU | OBH | LC/LA | OBX | KUDUM | DV | VK | KN | COMT | MGMT | TOTAL MERIT | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|